ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുവാൻ ഗവൺമെൻറിന് ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തടവുകാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള നടപടികൾ

134 [191] ശ്രീ. സി. എ. കുര്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലിലെ തടവുകാരുടെ ക്ഷേമത്തിനുവേണ്ടി എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ;

(ബി) ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ടുചെയ്യുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ;

(സി) അപ്രകാരം ചെയ്തിരുന്നെങ്കിൽ റിപ്പോർട്ട് ലഭിച്ചോ; റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദീർഘകാലം തടവുശിക്ഷ അനുഭവിക്കുന്നവരെ പാർപ്പിച്ചിരിക്കുന്ന സെൻട്രൽ ജയിലുകളിൽ വൈദ്യുതി പങ്കകൾ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. ഇതല്ലാതെ മറ്റൊന്നും ഇപ്പോൾ ആലോചനയിൽ ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സമരം

135 [192] ശ്രീ. ഈപ്പൻ കണ്ടക്കുടി :

ഡോ. ജോർജ്ജ് മാത്യു :

ശ്രീ. എം. വി. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു പല സംസ്ഥാനങ്ങളിൽ ഉണ്ടായതുപോലെ നമ്മുടെ സംസ്ഥാനത്ത് പോലീസ് സമരം ഉണ്ടായിട്ടുണ്ടോ;

(ബി) പോലീസുകാരെ ഏതെങ്കിലും രാഷ്ട്രീയപാർട്ടി സമരത്തിന് പ്രേരിപ്പിക്കുന്നതായി മന്ത്രിക്ക് അറിവ് കിട്ടിയിട്ടുണ്ടോ?

ഉത്തരം

(എ, ബി) നമ്മുടെ സംസ്ഥാനത്തെ പോലീസ്സേന സമരം നടത്തിയിട്ടില്ല.

എന്നാൽ ഇവിടെ ഉണ്ടായിരുന്ന സി.ആർ.പി. സേനാംഗങ്ങളിൽ ഒരു വിഭാഗം 1979 ജൂൺ 21-ാം തീയതി മുതൽ ആഗസ്റ്റ് 12-ാം തീയതിവരെ സമരം ചെയ്തിരുന്നു. കൂടാതെ 1979 ജൂൺ 12-ാം തീയതി മുതൽ ഈ

LIBRARY ARCHIVES Kerala Legislative Assembly